എ.വൈ.ആർ

ബന്ധുത്വത്തിന്റെയും സൗഹൃദത്തിന്റെയും പേരു പറഞ്ഞ് അന്യവീടുകളിൽ നിരന്തരം കടന്നുചെന്ന് അവിടത്തെ സ്ത്രീകളുമായി സല്ലപിച്ചു രസിക്കുന്ന ചിലയാളുകളുണ്ട്. അതുവഴി നമ്മുടെ സമൂഹത്തിൽ ഗുരുതരമായ നിരവധി പ്രശ്നങ്ങളുണ്ടാകുന്നുമുണ്ട്.



لَيْسَ عَلَيْكُمْ جُنَاحٌ أَنْ تَدْخُلُوا بُيُوتًا غَيْرَ مَسْكُونَةٍ فِيهَا مَتَاعٌ لَكُمْ ۚ
وَاللَّهُ يَعْلَمُ مَا تُبْدُونَ وَمَا تَكْتُمُونَ ﴿٢٩﴾

**29.** എന്നാൽ ആരുടെയും പാർപ്പിടമല്ലാത്തതും നിങ്ങൾക്കാവശ്യമായ വിഭവങ്ങളുള്ളതുമായ ഭവനങ്ങളിൽ കടന്നുചെല്ലാൻ വിരോധമില്ലാത്തതാകുന്നു. നിങ്ങൾ വെളിപ്പെടുത്തുന്നതും ഒളിച്ചുവെക്കുന്നതുമെല്ലാം അല്ലാഹു അറിയുന്നുണ്ട്.

**29**

لَيْسَ عَلَيْكُمْ جُنَاحٌ = (എന്നാൽ) നിങ്ങളുടെ മേൽ കുറ്റമില്ല (വിരോധമില്ലാത്തതാകുന്നു)

أَنْ تَدْخُلُوا = നിങ്ങൾ പ്രവേശിക്കുന്നത് (കടന്നുചെല്ലാൻ) بُيُوتًا غَيْرَ مَسْكُونَةٍ = (ആരുടെയും) പാർപ്പിടമല്ലാത്ത ഭവനങ്ങളിൽ

فِيهَا مَتَاعٌ لَكُمْ = അതിൽ നിങ്ങൾക്ക് (ആവശ്യമായ) വിഭവങ്ങൾ ഉണ്ട് (ഉള്ളതുമായ) وَاللَّهُ يَعْلَمُ = അല്ലാഹു അറിയുന്നുണ്ട്

مَا تُبْدُونَ = നിങ്ങൾ വെളിപ്പെടുത്തുന്നത് وَمَا تَكْتُمُونَ = (എല്ലാം) നിങ്ങൾ ഒളിച്ചുവെക്കുന്നതും

സ്വകാര്യവ്യക്തികൾ പാർക്കുന്ന ഭവനങ്ങളിൽ കടന്നുചെല്ലുന്നതിനെ കുറിച്ചാണ് മുൻ സൂക്തങ്ങൾ പറഞ്ഞത്. പൊതു ആവശ്യത്തിനു നിർമിതമായ കെട്ടിടങ്ങൾക്ക് ഈ നിയമം ബാധകമല്ല. വഴിയമ്പലങ്ങൾ, സത്രങ്ങൾ, പള്ളികൾ, കടകൾ, ഭക്ഷണശാലകൾ, സ്നാന ഗൃഹങ്ങൾ തുടങ്ങിയവ ഉദാഹരണം. ഇക്കാലത്ത് ഇത്തരം ചില സ്ഥാപനങ്ങൾക്ക് കാവൽക്കാരോ കസ്റ്റോഡിയന്മാരോ ഉണ്ടായിരിക്കും. അങ്ങനെയുണ്ടെങ്കിൽ അവർ നിർദേശിക്കുന്ന ചട്ടങ്ങൾ പാലിക്കേണ്ടതാണ്. വൻകിട ഹോട്ടലുകളിലും ഉയർന്ന ഓഫീസുകളിലും നിയമനിർമാണ സഭകളിലുമൊക്കെ പ്രവേശിക്കുന്നതിന് കണിശമായ വ്യവസ്ഥകളുണ്ട്. സ്വകാര്യ വ്യക്തികളുടെ പാർപ്പിടമല്ലാത്ത പൊതു സ്ഥലങ്ങളാണ് എന്ന നിലയിൽ ആ വ്യവസ്ഥകൾ ലംഘിക്കാൻ പറ്റുകയില്ല. പഴയ കാലത്ത് ദീർഘ യാത്രക്കാർക്ക് വിശ്രമിക്കാനും ഇറങ്ങിത്താമസിക്കാനും സാധനസാമഗ്രികൾ സൂക്ഷിക്കാനും ഒക്കെയായി രാജവീഥികളിൽ വഴിയമ്പലങ്ങളും സത്രങ്ങളുമുണ്ടായിരുന്നു. بُيُوتًا غَيْرَ مَسْكُونَةٍ (പാർക്കപ്പെടാത്ത വീടുകൾ) അല്ലെങ്കിലും സുഗമമായ നടത്തിപ്പിനുവേണ്ടി ചില പൊതുസ്ഥാപനങ്ങളിൽ മേൽനോട്ടക്കാരും പരിചാരകരുമുണ്ട്. അവിടെ പ്രവേശിക്കാൻ അവരുടെ സമ്മതം വേണം. ഈ നിയന്ത്രണം പക്ഷേ സ്വകാര്യതയുടെ സംരക്ഷണത്തിനു വേണ്ടിയുള്ളതല്ല; പൊതു സ്ഥാപനത്തിന്റെ

സുഗമമായ നടത്തിപ്പിനും പൊതുതാൽപര്യം സംരക്ഷിക്കുന്നതിനും വേണ്ടിയുള്ളതാണ്. പഴയ കാലത്ത് വ്യാപാരികൾ കാര്യമായി ആശ്രയിച്ചിരുന്നത് വഴിയമ്പലങ്ങളെയായിരുന്നു. അവർ ചരക്കുകൾ അവിടെ ഇറക്കിവെച്ച് മൃഗങ്ങളെ സ്വതന്ത്രമായി മേയാൻ വിട്ടിരുന്നു. സാധനങ്ങൾ സത്രങ്ങളിൽ സൂക്ഷിച്ച് മറ്റാവശ്യങ്ങൾക്കു വേണ്ടി പുറത്തുപോവുകയും ചെയ്തിരുന്നു. വിശ്രമിക്കാനും വിനോദിക്കാനും ഭക്ഷണം പാകംചെയ്തു കഴിക്കാനുമൊക്കെ സത്രങ്ങൾ ഉപയോഗിച്ചുവന്നു. ഈ ഉപയോഗങ്ങളെ സൂചിപ്പിച്ചുകൊണ്ടാണ് فِيهَا مَتَاعٌ لَكُمْ എന്നു പറഞ്ഞത്. ജീവിത വിഭവം, സൗഖ്യം, ദ്രവ്യം, ആവശ്യനിർവഹണ സൗകര്യം തുടങ്ങിയ ആശയങ്ങൾ ഉൾക്കൊള്ളുന്ന പദമാണ് مَتَاعٌ . ഇവിടെ ഈ ആശയങ്ങളെല്ലാം പ്രസക്തമാകുന്നു. ആളുകളുടെ സ്വകാര്യ പാർപ്പിടങ്ങളിൽ കടന്നുചെല്ലുന്നതിനുള്ള നിരോധത്തിന്റെ ലക്ഷ്യം ഒളിഞ്ഞുനോട്ടത്തിന്റെയും കട്ടുകേൾവിയുടെയും ചുഴിഞ്ഞന്വേഷണത്തിന്റെയും പഴുതുകളടക്കുകയാണെന്ന്, സ്വകാര്യ പാർപ്പിടങ്ങളല്ലാത്ത പൊതു ഭവനങ്ങളിൽ സമ്മതമന്യേ പ്രവേശിക്കാൻ അനുവദിച്ചതിൽനിന്ന് കൂടുതൽ സ്പഷ്ടമാകുന്നു.

നേരത്തേ وَاللَّهُ بِمَا تَعْمَلُونَ عَلِيمٌ എന്ന വാക്യത്തിലൂടെ നൽകിയ ഉദ്ബോധനം തന്നെയാണ് وَاللَّهُ يَعْلَمُ مَا تُبْدُونَ وَمَا تَكْتُمُونَ എന്ന വാക്യത്തിലൂടെയും നൽകുന്നത്. സ്ഥൂലവും സൂക്ഷ്മവുമായ സകല സംഗതികളെക്കുറിച്ചുമുള്ള അല്ലാഹുവിന്റെ വ്യക്തമായ അറിവിനെ സംബന്ധിച്ച ധാരണ മനസ്സിൽ സജീവമല്ലെങ്കിൽ മനുഷ്യൻ അവന്റെ സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യും. സ്ത്രീകളുടെ സൗന്ദര്യമാസ്വദിക്കുക എന്ന ലക്ഷ്യത്തോടെ അവൻ സ്ത്രീകളുടെ സങ്കേതങ്ങളിൽ കടന്നുചെല്ലുന്നു. വിമർശിക്കപ്പെടുമ്പോൾ പലവക കാരണങ്ങൾ നിരത്തി തന്റെ ചെയ്തികൾ ന്യായീകരിക്കുന്നു. പുറത്തു പറയുന്ന ന്യായങ്ങളുടെയും ഉള്ളിലുള്ള വിചാരങ്ങളുടെയുമെല്ലാം യാഥാർഥ്യം അല്ലാഹു അറിയുന്നുണ്ടെന്ന് അത്തരക്കാർ ഓർത്തിരിക്കട്ടെ. ■

---

قُلْ لِلْمُؤْمِنِينَ يَغُضُّوا مِنْ أَبْصَارِهِمْ وَيَحْفَظُوا فُرُوجَهُمْ ۚ ذَٰلِكَ أَزْكَىٰ لَهُمْ ۗ
إِنَّ اللَّهَ خَبِيرٌ بِمَا يَصْنَعُونَ ﴿٣٠﴾

**30.** പ്രവാചകൻ വിശ്വാസികളോടു പറയണം: അവർ ദൃഷ്ടികൾ നിയന്ത്രിച്ചുകൊള്ളട്ടെ. ലൈംഗികാവയവങ്ങൾ കാത്തുസൂക്ഷിക്കുകയും ചെയ്യട്ടെ. അതാണ് അവർക്കുള്ള ഏറ്റം നല്ല സംസ്കാരം. അവർ പ്രവർത്തിക്കുന്നതൊക്കെയും അല്ലാഹു സൂക്ഷ്മമായി അറിയുന്നുണ്ട്.

**30**

قُلْ لِلْمُؤْمِنِينَ = (പ്രവാചകൻ) വിശ്വാസികളോട് പറയണം
يَغُضُّوا = അവർ കുറക്കട്ടെ, താഴ്ത്തട്ടെ (നിയന്ത്രിച്ചുകൊള്ളട്ടെ)
مِنْ أَبْصَارِهِمْ = അവരുടെ കണ്ണുകളിൽനിന്ന്, നോട്ടങ്ങൾ അൽപം
وَيَحْفَظُوا = അവർ സൂക്ഷിക്കുകയും ചെയ്യട്ടെ
فُرُوجَهُمْ = അവരുടെ ലൈംഗികാവയവങ്ങൾ
ذَٰلِكَ أَزْكَىٰ لَهُمْ = അതാണ് അവർക്ക് ഏറ്റം ശുദ്ധമായത് (നല്ല സംസ്കാരം)
إِنَّ اللَّهَ خَبِيرٌ = തീർച്ചയായും അല്ലാഹു സൂക്ഷ്മമായി അറിയുന്നുണ്ട്
بِمَا يَصْنَعُونَ = അവർ പ്രവർത്തിക്കുന്നതിനെക്കുറിച്ച് (പ്രവർത്തിക്കുന്നതൊക്കെയും)

ഭാഷാർഥത്തിൽ കുറക്കൽ ആണ് غض . നിയന്ത്രിക്കുക, താഴ്ത്തുക എന്നൊക്കെ പ്രയോഗാർഥവുമുണ്ട്. غضّ البصر-ന് നോട്ടം കുറക്കുക എന്നും കണ്ണു താഴ്ത്തുക എന്നും അർഥമാവാം. بصر -ന്റെ ബഹുവചനമാണ് ابصار. കണ്ണിനും കാഴ്ചക്കും بصر എന്നു പറയും. കാത്തുസൂക്ഷിക്കലും സംരക്ഷിക്കലുമാണ് حفظ . സ്ത്രീ ജനനേന്ദ്രിയമാണ് فرج. സ്ത്രീപുരുഷ ഭേദമന്യേ ലൈംഗികാവയവങ്ങൾക്ക് പൊതുവിലും ഉപയോഗിക്കും. ഈ സൂക്തത്തിൽ فُرُوجَهُمْ എന്നു പറയുന്നത് പുരുഷന്റെ ലൈംഗികാവയവം ഉദ്ദേശിച്ചും അടുത്ത സൂക്തത്തിൽ فُرُوجَهُنَّ എന്നു പറയുന്ന

ത് സ്ത്രീകളുടെ ലൈംഗികാവയവം ഉദ്ദേശിച്ചുമാണ്. ഈ സൂക്തത്തിന് പല അർഥമാനങ്ങളുണ്ട്: ഒന്ന്, മനുഷ്യൻ അവന്റെ അവയവങ്ങൾ ഉപയോഗിക്കുന്നതിന് നിർബന്ധമായി പാലിക്കേണ്ട പൊതു മര്യാദയാണിത്. കൈക്ക് പ്രവർത്തനം, കാലിനു നടത്തം, കണ്ണിന് കാഴ്ച, ചെവിക്ക് കേൾവി-ഇങ്ങനെ ഓരോ അവയവത്തിനും പ്രകൃതി പ്രത്യേക ശേഷികൾ നൽകിയിരിക്കുന്നു. ഈ ശേഷികൾ നിയന്ത്രിച്ചു പ്രയോജനപ്പെടുത്തുമ്പോഴാണ് മനുഷ്യൻ സംസ്കൃതനാകുന്നത്. കാലിന്റെ നടക്കാനുള്ള ശേഷി എന്തിനും എങ്ങോട്ടും നടക്കാൻ ഉപയോഗിച്ചുകൂടാ. എന്തിന് എങ്ങോട്ട് നടക്കണമെന്നും നടന്നുകൂടെന്നും വിവേചനബുദ്ധ്യാ മനസ്സിലാക്കി അതനുസരിച്ച് നടക്കുമ്പോഴാണ് കാലിന്റെ ധർമം പൂർത്തീകരിക്കപ്പെടുന്നത്. وَلَا تَمْشِ فِي الْأَرْضِ مَرَحًا -നിങ്ങൾ ഭൂമിയിൽ നിഗളിച്ചു നടക്കരുതെന്ന് 31:18-ലും മിതമായ മട്ടിൽ നടക്കണമെന്ന് 31:19-ലും ദൈവദാസന്മാർ നടക്കേണ്ടത് വിനീതരായിട്ടാണെന്ന് 25:63-ലും ഉപദേശിച്ചിരിക്കുന്നു. കൈകളുടെയും നാവിന്റെയുമൊക്കെ പ്രവർത്തനങ്ങളിലും ഇതുപോലെ നിയന്ത്രണങ്ങളുപദേശിച്ചിട്ടുണ്ട്. ഉദാഹരണം, 31:19.

ഈ പരിധികൾ ലംഘിക്കപ്പെടുമ്പോൾ അവയവങ്ങളുടെ പ്രവർത്തനം അധർമവും അതിക്രമവും ആയിത്തീരുന്നു. കണ്ണിന്റെ നോട്ടത്തിന്റെ നിയന്ത്രണമാണ് ഈ സൂക്തം കൽപിക്കുന്നത്. കാഴ്ചകളിൽ നിർബന്ധമായി കണ്ടിരിക്കേണ്ടതുണ്ട്, അനുവദനീയമായ കാഴ്ചകളുണ്ട്, ഗുണവും ദോഷവുമില്ലാത്ത കാഴ്ചകളുണ്ട്, നിർബന്ധമായും ഒഴിവാക്കേണ്ട കാഴ്ചകളുമുണ്ട്. ചില കാഴ്ചകൾ ഒറ്റനോട്ടം കൊണ്ട് മതിയാക്കണം. ചിലത് ആവർത്തിച്ച് നോക്കണം; സൂക്ഷിച്ചു നോക്കണം. ഈ കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് ദൃഷ്ടികളെ ഉപയോഗിക്കലാണ്, ദൃഷ്ടികൾ താഴ്ത്തിപ്പിടിക്കൽ അല്ലെങ്കിൽ കാഴ്ചയുടെ നിയന്ത്രണം. കണ്ണുകൾ സദാ താഴ്ത്തിപ്പിടിക്കണമെന്ന്, അല്ലെങ്കിൽ നോട്ടം എപ്പോഴും നിയന്ത്രിക്കണമെന്ന് അല്ല; പ്രത്യുത നോട്ടം-ദൃഷ്ടികൾ അൽപം (مِنْ أَبْصَارِهِمْ) കുറക്കട്ടെ, നിയന്ത്രിക്കട്ടെ എന്നാണ് പറയുന്നത്. അതായത് ചില കാഴ്ചകൾ അനാശാസ്യവും അനാവശ്യവുമാണ്. വിശ്വാസികൾ അനഭിമതമായ കാഴ്ചകളിൽ അഭിരമിച്ചുകൂടാ. ബുഖാരി ഉദ്ധരിച്ച ഒരു ഹദീസിൽ നബി (സ) ഉപദേശിച്ചു: ''തെരുവുകളിൽ ചെന്ന് ഇരിക്കുന്നത് സൂക്ഷിക്കുവിൻ.'' ശിഷ്യന്മാർ ബോധിപ്പിച്ചു: ''ഞങ്ങൾ സംസാരിക്കാൻ അത്തരം സഭകൾ അത്യാവശ്യമാണല്ലോ.'' പ്രവാചകൻ: ''അതുകൂടിയേ കഴിയൂ എന്നുണ്ടെങ്കിൽ നിങ്ങൾ തെരുവിനോടുള്ള ബാധ്യത നിർവഹിക്കണം.'' അവർ ചോദിച്ചു: ''എന്താണ് തിരുദൂതരേ, തെരുവിനോടുള്ള ബാധ്യത?'' പ്രവാചകൻ: ''കണ്ണു താഴ്ത്തുക, ശല്യങ്ങളൊഴിവാക്കുക, സലാം മടക്കുക, നന്മ കൽപ്പിക്കുക, തിന്മ വിലക്കുക.'' തെരുവിലിരിക്കുന്നവർ വഴിപോക്കരുടെയും മറ്റും സ്വകാര്യതകളിലേക്ക് കണ്ണയക്കുകയും സ്ത്രീകളെ നയനഭോഗം ചെയ്യുകയും അരുതെന്നാണ് കണ്ണു താഴ്ത്തണം എന്നു പറഞ്ഞതിന്റെ താൽപര്യം. പണ്ടെന്ന പോലെ ഇന്നും ആളുകൾ, വിശേഷിച്ചും യുവാക്കൾ വഴിവക്കുകളിൽ വന്നിരിക്കുന്നത് സ്ത്രീകളെ നോക്കാനും കമന്റടിക്കാനുമാണല്ലോ.

അന്യവീടുകൾ സന്ദർശിക്കുമ്പോൾ ആ വീട്ടുകാരുടെ സ്വകാര്യതകളിൽ കടന്നുകയറാതിരിക്കാൻ പാലിക്കേണ്ട മര്യാദകളെക്കുറിച്ചാണല്ലോ മുൻസൂക്തങ്ങൾ സംസാരിക്കുന്നത്. അതുമായി ബന്ധപ്പെടുത്തി വായിക്കുമ്പോൾ ഈ സൂക്തം ഇങ്ങനെ ഒരാശയവും ഉൾക്കൊള്ളുന്നതായി കാണാം: വീട്ടുകാരുടെ സമ്മതം വാങ്ങി അകത്തു കടക്കുന്ന സന്ദർശകൻ വീട്ടിലെ സ്വകാര്യതകളിലേക്കും അവിടത്തെ സ്ത്രീകളിലേക്കും കണ്ണയക്കരുത്. കാഴ്ചയിലും കേൾവിയിലും ഔചിത്യം പാലിക്കണം. വീട്ടുകാർ സ്വാഗതം ചെയ്തിരിക്കുന്നു എന്ന ന്യായത്തിൽ അടുക്കളയിൽ കയറിച്ചെന്ന് അവിടെ എന്തൊക്കെ പാചകം ചെയ്യുന്നുണ്ടെന്ന് പരിശോധിക്കുകയോ വീട്ടിലെ സ്ത്രീകൾക്കിടയിൽ വിളയാടുകയോ ബെഡ് റൂമുകളിൽ എത്തിനോക്കുകയോ ചെയ്തുകൂടാ. ലൈംഗികച്ചുവയുള്ള ചേഷ്ടകളും സംസാരങ്ങളും വന്നുപോകാതെ സൂക്ഷിക്കണം. ബന്ധുത്വത്തിന്റെയും സൗഹൃദത്തിന്റെയും പേരു പറഞ്ഞ് അന്യവീടുകളിൽ നിരന്തരം കടന്നുചെന്ന് അവിടത്തെ സ്ത്രീകളുമായി സല്ലപിച്ചു രസിക്കുന്ന ചിലയാളുകളുണ്ട്. അതുവഴി നമ്മുടെ സമൂഹത്തിൽ ഗുരുതരമായ നിരവധി പ്രശ്നങ്ങളുണ്ടാകുന്നുമുണ്ട്. ഈ സാഹചര്യത്തിൽ വളരെ ഗൗരവപൂർവം മനസ്സിലാക്കപ്പെടേണ്ടതാണീ ഉദ്ബോധനം.

നോട്ടം നിയന്ത്രിക്കാൻ കൽപിച്ചതോടൊപ്പം ലൈംഗികാവയവങ്ങൾ സൂക്ഷിക്കാൻ കൂടി കൽപിച്ചത് ഈ സൂക്തത്തിന്റെ മുഖ്യമാനം സദാചാരപരമാണെന്ന് സൂചിപ്പിക്കുന്നു. അതായത് പുരുഷന്മാർ അന്യസ്ത്രീകളെ നോക്കി രസിക്കാതിരിക്കുക. 'ലൈംഗികാവയവങ്ങൾ കാത്തുസൂക്ഷിക്കുക'- وَيَحْفَظُوا فُرُوجَهُمْ -എന്ന വാക്യത്തിന് സ്വന്തം ഗുഹ്യാവയവങ്ങൾ മറ്റുള്ളവരെ കാണിക്കാതെ സൂക്ഷിക്കുക എന്ന അർഥവുമുള്ളതായി ഖുർആൻ വ്യാഖ്യാതാക്കൾ വ്യക്തമാക്കിയിരിക്കുന്നു. നോട്ടമാണ് അവിഹിത ബന്ധങ്ങളിലേക്കുള്ള ആദ്യ ചുവടുവെപ്പ്. ചിലപ്പോൾ നോട്ടം തന്നെ ഭോഗവും ആസ്വാദനവുമായിത്തീരുന്നു. അന്യസ്ത്രീകളുടെ ചന്തം നോക്കി രസിക്കുന്നത് കണ്ണിന്റെ വ്യഭിചാരം തന്നെയാണെന്നും ശാരീരിക വേഴ്ച പിന്നീടതിനെ സാധൂകരിക്കുന്നുവെന്നും പ്രവാചകൻ (സ) പറഞ്ഞിട്ടുണ്ട് (ബുഖാരി, മുസ്‌ലിം). അപരിചിതരായ സ്ത്രീയും പുരുഷനും കണ്ടുമുട്ടുന്നു, പരസ്പരം ആകർഷിക്കുന്നു, പിന്നെ മന്ദസ്മിതം പൊഴിക്കുന്നു, പിന്നെ സല്ലപിക്കുന്നു, പിന്നെ സംഗമസ്ഥലം നിശ്ചയിക്കുന്നു, സംഗമിക്കുന്നു... അങ്ങനെ അത് ഏതറ്റം വരെയും പോകാം. വ്യക്തികൾ വിവാഹിതരും ഭാര്യയും ഭർത്താവും മക്കളുമൊക്കെയുള്ളവരാകാം. വ്യത്യസ്ത ദേശക്കാരും ഭാഷക്കാരും മതക്കാരും ജാതിക്കാരുമാകാം. അതൊന്നും അവർക്ക് തടസ്സമാകുന്നില്ല. കാമുകനോടൊപ്പം ചേരാൻ ഭർത്താവിനെയും മക്കളെയും കൊന്ന സ്ത്രീകളുടെയും കാമുകിയെ സ്വന്തമാക്കാൻ ഭാര്യയെയും മക്കളെയും കൊന്ന പുരുഷന്മാരുടെയും വാർത്തകൾ ധാരാളമായി റിപ്പോർട്ടുചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. തീവണ്ടിയിൽ വെച്ച് കണ്ടുമുട്ടിയ ഒരാഢ്യ വനിതയുടെയും മാന്യയുവാവിന്റെയും നോട്ടങ്ങൾ അവരെക്കൊണ്ടെത്തിച്ച ശോച

നീയമായ പതനങ്ങൾ *അന്നാകരീന* എന്ന വിശ്വവിഖ്യാത നോവലിൽ ടോൾസ്റ്റോയി ഉജ്ജ്വലമായി അവതരിപ്പിക്കുന്നുണ്ട്. മൊബൈൽ ഫോണിന്റെ ആഗമനത്തോടെ ശബ്ദവും അവിഹിതബന്ധങ്ങളിലേക്കുള്ള മാർഗമായിത്തീർന്നിരിക്കുകയാണ്. അന്യരിൽനിന്ന് ശൃംഗാരവചസ്സുകൾ നുകരുന്നത് ചെവിയുടെ വ്യഭിചാരമാണെന്നും മുകളിൽ സൂചിപ്പിച്ച നബിവചനത്തിൽ പറയുന്നുണ്ട്. മൊബൈൽ ഫോൺ കൊണ്ട് അന്യസ്ത്രീകളുമൊത്ത് അന്തിയുറങ്ങാൻ കളമൊരുക്കുന്ന വിരുതന്മാർ ഏറിവരികയാണ്. ഒരിക്കലും നേരിൽ കണ്ടിട്ടില്ലാത്ത, ഏതോ ദേശത്തുള്ള പുരുഷനിൽ വിശ്വാസമർപ്പിച്ച് അയാളെത്തേടി വീടു വിട്ട് പുറപ്പെട്ടുപോകുന്ന സ്ത്രീകളുടെ വാർത്തകളും കുറവല്ല.

സ്ത്രീകൾ തമ്മിലും പുരുഷന്മാർ തമ്മിലും കണ്ടുമുട്ടൽ പലപ്പോഴും യാദൃഛികമായി സംഭവിക്കുന്നതാണ്.

അന്യ സ്ത്രീപുരുഷന്മാർ തമ്മിലായാലും യാദൃഛികമായ കണ്ടുമുട്ടലും ദർശനവും കുറ്റകരമാകുന്നില്ല. സ്ത്രീയുടെ/പുരുഷന്റെ സൗന്ദര്യം ശ്രദ്ധിക്കുകയും അതിലാകൃഷ്ടരായി നോട്ടം ദീർഘിപ്പിക്കുകയും ആവർത്തിക്കുകയും ചെയ്യുന്നതാണ് കുറ്റകരം. അലി(റ)യോട് പ്രവാചകൻ പറഞ്ഞതായി ബുറൈദ (റ) ഉദ്ധരിക്കുന്നു: ''ഓ അലീ, ആദ്യ നോട്ടത്തെത്തുടർന്നു പിന്നെയും നോക്കരുത്. ആദ്യനോട്ടം നിനക്ക് അനുവദിക്കപ്പെട്ടതാണ്. പിന്നെ അതിന് അനുവാദമില്ല.'' അന്യ സ്ത്രീപുരുഷന്മാർ അനാവശ്യമായി പരസ്പരം ആവർത്തിച്ചു നോക്കുന്നത് നിഷിദ്ധമാണെന്നാണിത് കുറിക്കുന്നത്. മറ്റൊരു ഹദീസിൽ നബി (സ) അതിന്റെ ന്യായം ഇങ്ങനെ വ്യക്തമാക്കിയതായി അബ്ദുല്ലാഹിബ്നു മസ്ഊദ് ഉദ്ധരിച്ചിരിക്കുന്നു: ''നോട്ടം ഇബ്ലീസിന്റെ വിഷലിപ്തമായ അസ്ത്രങ്ങളിൽപെട്ടതാകുന്നു.'' എന്നാൽ വിവാഹാലോചനയിലുള്ള സ്ത്രീപുരുഷന്മാർ പരസ്പരം നോക്കുന്നതിനും കാണുന്നതിനും വിലക്കില്ലെന്നു മാത്രമല്ല, പ്രവാചകൻ (സ) അതു പ്രോത്സാഹിപ്പിച്ചിട്ടുമുണ്ട്. മുഗീറതുബ്നു ശുഅ്ബ താൻ വിവാഹം ചെയ്യാൻ പോകുന്നതായി പ്രവാചകനെ അറിയിച്ചപ്പോൾ അവിടുന്ന് അന്വേഷിച്ചു: ''നീ ആ പെൺകുട്ടിയെ കണ്ടിട്ടുണ്ടോ?'' 'ഇല്ല' എന്നു മറുപടി പറഞ്ഞപ്പോൾ പ്രവാചകൻ ഉപദേശിച്ചു: ''എങ്കിൽ നീ അവളെ കാണണം. അതാണ് നിങ്ങൾ തമ്മിൽ യോജിപ്പുണ്ടാവാൻ ഏറ്റം നല്ലത്.'' ചികിത്സാർഥം അനിവാര്യമാണെങ്കിൽ വൈദ്യന്മാർ അന്യ സ്ത്രീപുരുഷന്മാരുടെ ലൈംഗികാവയവങ്ങൾ കാണുന്നത് അനുവദനീയമാണെന്ന് ഫുഖഹാഅ് വിധിച്ചിരിക്കുന്നു.

ذَٰلِكَ أَزْكَىٰ لَهُمْ എന്ന വാക്യത്തിന്റെ ആശയം 28-ാം സൂക്തത്തിലെ هُوَ أَزْكَىٰ لَكُمْ എന്ന വാക്യത്തിന്റേതു തന്നെയാണ്. إِنَّ اللَّهَ خَبِيرٌ بِمَا يَصْنَعُونَ എന്ന വാക്യം 28-ാം സൂക്തത്തിലെ وَاللَّهُ بِمَا تَعْمَلُونَ عَلِيمٌ , 29-ാം സൂക്തത്തിലെ وَاللَّهُ يَعْلَمُ مَا تُبْدُونَ وَمَا تَكْتُمُونَ എന്നീ വാക്യങ്ങൾക്കു സമാനമാണ്. അതായത് നിങ്ങളുടെ ഓരോ കർമവും അല്ലാഹു സൂക്ഷ്മമായി അറിയുന്നുണ്ടെന്ന് ഓർത്തിരിക്കുക. ആ ഓർമയില്ലാതായാൽ കണ്ണുകളുടെ അവിഹിതമായ നോട്ടങ്ങളിൽനിന്നും മറ്റവയവങ്ങളുടെ അനാശാസ്യമായ ചലനങ്ങളിൽനിന്നും സുരക്ഷിതരായിരിക്കാൻ കഴിയില്ല. ■